<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1</u> <u>23-08-2022 - ൽ മറുപടിയ്ക്ക്</u>

<u>ഉക്രൈനിൽ നിന്നും മടങ്ങേണ്ടി വന്ന മെഡിക്കൽ വിദ്യാർത്ഥികളുടെ തുടർ പഠനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഉക്രൈൻ-റഷ്യ യുദ്ധത്തിന്റെ ഭാഗമായി സംസ്ഥാനത്തിലെ നിരവധി മെഡിക്കൽ വിദ്യാർത്ഥികളുടെ പഠനം മുടങ്ങുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം വിദ്യാർത്ഥികൾക്ക് തുടർ പഠനത്തിന് സഹായം ചെയ്തു കൊടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | **ഉക്രൈനിൽ നിന്നും യുദ്ധവും അനുബന്ധ സാഹചര്യങ്ങളും കാരണം പഠനം മുടങ്ങി മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർപഠനം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്ര സർക്കാരും ദേശീയ മെഡിക്കൽ കമ്മീഷനുമാണ്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.**<br><br>**നാഷണൽ മെഡിക്കൽ കമ്മീഷന്റെ 28.07.2022 ലെ സർക്കുലർ പ്രകാരം കോവിഡ് 19, ഉക്രൈൻ-റഷ്യ യുദ്ധം മുതലായവയുടെ ഭാഗമായി വിദേശത്തു നിന്നും മടങ്ങേണ്ടി വന്ന അവസാന വർഷ വിദ്യാർത്ഥികളിൽ 30.06.2022 ന് മുൻപ് പഠനം പൂർത്തിയാക്കി അതാതു സ്ഥാപനങ്ങളിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളവർക്ക് FMGE പരീക്ഷ എഴുതാവുന്നതും, ജയിക്കുന്നവർക്ക് നഷ്ടപ്പെട്ട ക്ലിനിക്കൽ ട്രെയിനിംഗ് കിട്ടുന്നതിലേക്കായി രണ്ടു വർഷത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കാവുന്നതുമാണ്.** |
| (ബി) | പ്രസ്തുത വിദ്യാർത്ഥികൾക്ക് മറ്റു രാജ്യങ്ങളിൽ പഠിക്കുവാൻ കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് സഹായങ്ങൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | **ഉക്രൈനിൽ നിന്നും യുദ്ധവും അനുബന്ധ സാഹചര്യങ്ങളും കാരണം പഠനം മുടങ്ങി മടങ്ങിയെത്തിയ വിദ്യാർത്ഥികളുടെ തുടർപഠനം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്ര സർക്കാരും ദേശീയ മെഡിക്കൽ കമ്മീഷനുമാണ്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.**<br><br>**നാഷണൽ മെഡിക്കൽ കമ്മീഷന്റെ 28.07.2022 ലെ സർക്കുലർ പ്രകാരം കോവിഡ് 19, ഉക്രൈൻ-റഷ്യ യുദ്ധം മുതലായവയുടെ ഭാഗമായി വിദേശത്തു നിന്നും മടങ്ങേണ്ടി വന്ന അവസാന വർഷ വിദ്യാർത്ഥികളിൽ** |

| | | | |
|---|---|---|---|
| | | | **30.06.2022 ന് മുൻപ് പഠനം പൂർത്തിയാക്കി അതാതു സ്ഥാപനങ്ങളിൽ നിന്ന് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ളവർക്ക് FMGE പരീക്ഷ എഴുതാവുന്നതും, ജയിക്കുന്നവർക്ക് നഷ്ടപ്പെട്ട ക്ലിനിക്കൽ ട്രെയിനിംഗ് കിട്ടുന്നതിലേക്കായി രണ്ടു വർഷത്തെ ഇന്റേൺഷിപ്പ് പൂർത്തിയാക്കാവുന്നതുമാണ്.** |

സെക്ഷൻ ഓഫീസർ